പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 37 05.03.2012-ൽ മറുപടിയ്ക്ക്

## കേന്ദ്രീയ വിദ്യാലയങ്ങളിലെ പാഠ്യവിഷയത്തിൽ മലയാളം ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യ മന്ത്രി) |
| (എ) സംസ്ഥാനത്ത് മലയാളം ഒന്നാം ഭാഷയാക്കിയെങ്കിലും സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിലെ പാഠ്യവിഷയ - ത്തിൽ മലയാളം ഉൾപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധഭാഷയാക്കിക്കൊണ്ട് 01.09.11-ലെ സ:ഉ (പി) നം: 163/11/ പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ മറ്റു ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധവിഷയമായി പഠിപ്പിക്കേണ്ടതാണെന്നും വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന അംഗീകാര സർട്ടിഫിക്കറ്റിൽ ഇക്കാര്യം വ്യവസ്ഥയായി നിഷ്ക്കർഷിക്കുന്ന- താണെന്നും ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിലെ പാഠ്യവിഷയത്തിൽ മലയാളം ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(............2)

(ബി) ഈ സ്കൂളുകളിലെ മലയാളി കുട്ടികൾക്കെങ്കിലും മലയാളം പഠിക്കാൻ കഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ ; വ്യക്തമാക്കാമോ ?

(ബി) മലയാളം നിർബന്ധമാക്കി-ക്കൊണ്ട് സർക്കാർ 01.09 2011-ൽ പുറപ്പെടുവിച്ച സ.ഉ (പി) നം:183/11/പൊ.വി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാതരം സ്കൂളുകളിലും മലയാളം നിർബന്ധമായി പഠിപ്പിക്കണമെന്ന നിർദ്ദേശം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് നടപ്പാക്കാൻ ശ്രമിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ